പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 527 — 24.10.2011- ലെ മറുപടി

## ട്രെയിൻ റൂട്ടിന് സമാന്തരമല്ലാത്ത റൂട്ടുകളിൽ കൂടുതൽ ബസ് സർവ്വീസ്

**ചോദ്യം** — **ഉത്തരം**

ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
ശ്രീ. ജോസ് തെറ്റയിൽ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ ടിക്കറ്റ് വില്പനയിൽ പത്ത് ശതമാനം കുറവ് വന്നിട്ടുണ്ടെന്ന് വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ചോദ്യം പ്രസക്തമല്ല. |
| (സി) | അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ അഞ്ച് മാസത്തെ ടിക്കറ്റ് വിൽപ്പനയെ കുറിച്ചുള്ള വിവരങ്ങൾ 2010-ലെ പ്രസ്തുത കാലയളവിലെ കണക്കുകളുമായി താരതമ്യം ചെയ്തപ്പോൾ യാത്രക്കാരുടെ എണ്ണത്തിൽ പ്രതിദിനം 1,39,082 -ന്റെയും ടിക്കറ്റ് വിറ്റ് വരവിൽ ശരാശരി പ്രതിദിനം 34,99,866/- രൂപയുടെയും വർദ്ധനവ് ഉള്ളതായി കാണുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി യുടെ അധികം സർവീസുകളും ട്രെയിൻ സർവ്വീസ് റൂട്ടുകൾക്ക് സമാന്തരമായിട്ടാണ് ഓടിക്കുന്നുതെന്നും അത് വരുമാനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും ഉള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) യും (ഇ) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി. നിലവിൽ 5311 സർവ്വീസുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുള്ളതിൽ ശരാശരി 4900-നും 5000-നും ഇടയ്ക്ക് വരെ സർവ്വീസുകൾ പ്രതിദിനം ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. ശരാശരി 35 ലക്ഷത്തിനും 36 ലക്ഷത്തിനുമിടയ്ക്ക് യാത്രക്കാർ കെ.എസ്.ആർ.ടി.സി. |

| | | | |
|---|---|---|---|
| | [illegible]<br>കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകളെയും ഷെഡ്യൂളുകളെയും പുനഃക്രമീകരിക്കാനുള്ള നയപരമായ തീരുമാനം കൈക്കൊള്ളുവാൻ തയ്യാറാകുമോ ? | | ചെയിൻ സർവ്വീസ് ഉൾപ്പെടെ 1400 ഓളം പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ക്ക് കഴിഞ്ഞിട്ടുണ്ട്. തന്മൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുമുണ്ട്.<br>കെ.എസ്.ആർ.ടി.സി. പ്രധാനമായും സർവ്വീസ് നടത്തിവരുന്നത് ദേശസാത്കൃത റൂട്ടുകളിലും നോട്ടിഫൈഡ് റൂട്ടുകളിലുമാണ്. കെ.എസ്.ആർ.ടി.സി. യുടെ ചെയിൻ സർവ്വീസുകൾ നഗരങ്ങളിൽ നിന്ന് നഗരങ്ങളെയും നഗരങ്ങളിൽ നിന്ന് ചെറുപട്ടണങ്ങളെയും ബന്ധിപ്പിച്ചു കൊണ്ടാണ് നടത്തി വരുന്നത്. റെയിൽവേ കടന്നു ചെല്ലാത്ത മേഖലകളിലും കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ഇടുക്കി, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ ചെയിൻ സർവ്വീസുകൾ ഉദാഹരണമായി എടുക്കാവുന്നതാണ്. കേരളത്തിൽ റെയിൽവേയെ കൂടുതലും ദീർഘദൂര യാത്രക്കാരും സംസ്ഥാനത്തിന് പുറത്തേക്ക് യാത്ര ചെയ്യുന്നവരുമാണ് ആശ്രയിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ കേരളത്തിലെ ദൈനംദിന യാത്രക്കാർ ഭൂരിപക്ഷവും കെ.എസ്.ആർ.ടി.സി.യെയും സ്വകാര്യ സ്റ്റേജ് കാരേജുകളെയുമാണ് ആശ്രയിക്കുന്നത് എന്ന് മനസ്സിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| മാസം | പ്രതിദിന യാത്രക്കാരുടെ എണ്ണം - 2010 | പ്രതിദിന യാത്രക്കാരുടെ എണ്ണം - 2011 | പ്രതിദിന ടിക്കറ്റ് വരുമാനം - 2010 | പ്രതിദിന ടിക്കറ്റ് വരുമാനം - 2011 |
|---|---|---|---|---|
| മേയ് | 3452257 | 3581735 | 36092761 | 37632604 |
| ജൂൺ | 3247177 | 3532825 | 33161622 | 35900845 |
| ജൂലൈ | 3265619 | 3521735 | 32784901 | 35569570 |
| ആഗസ്റ്റ് | 3405342 | 3403739 | 34690529 | 38244331 |
| സെപ്റ്റംബർ | 3355077 | 3380849 | 34350888 | 41232681 |
| ആകെ | 16725472 | 17420883 | 171080701 | 188580031 |
| പ്രതിദിന ശരാശരി | 3345094 | 3484176 | 34216140 | 37716006 |

2010-ൽ ഓണസീസൺ ആഗസ്റ്റ് മാസവും 2011-ൽ സെപ്റ്റംബർ മാസത്തിലുമായിരുന്നു. ആയതിനാൽ യാത്രക്കാരുടെ എണ്ണത്തിൽ 2010-ൽ നേരിയ വർദ്ധനവ് ഉണ്ടായിരുന്നു.

സെക്ഷൻ ഓഫീസർ